## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം.*121** **31-01-2018 ൽ മറുപടിയ്ക്ക്**

### കേന്ദ്ര ഹജ്ജ് നയത്തിലെ നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ.ഇ.പി.ജയരാജൻ**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.പി.വി.അൻവർ** | **ഡോ.കെ.ടി.ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) കേന്ദ്ര ഹജ്ജ് നയത്തിന്റെ കരടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഹജ്ജ് സബ്സിഡി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | എ) **ഹജ്ജ് നയം**<br>2002 ലെ കേന്ദ്ര ഹജ്ജ് ആക്റ്റിനു ശേഷം ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം ഓരോ അഞ്ചു വർഷത്തേക്കും ഹാജിമാരുടെ സുഗമമായ തീർത്ഥാടനത്തിന് വേണ്ടി കേന്ദ്ര സർക്കാർ തലത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ച് പഠിച്ച ശേഷം അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുക്കുന്ന കേന്ദ്ര സർക്കാർ നയമാണ് ഹജ്ജ് നയം. 2013-17 ലെ ഹജ്ജ് നയത്തിനു ശേഷം പുതുതായി വന്ന കേന്ദ്ര സർക്കാർ രൂപം കൊടുത്ത് 2017 നവംബർ മാസത്തിൽ 2018-22 ലെ പുതിയ ഹജ്ജ് നയം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.<br>നേരത്തെയുള്ള ഹജ്ജ് നയവും (2013-17) ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയ പുതിയ പോളിസിയിലെ ചില വ്യവസ്ഥകളും തമ്മിൽ സാമ്യതയുണ്ടെങ്കിലും ചിലതിൽ കാതലായ മാറ്റങ്ങളുണ്ട്.<br>പുതിയ ഹജ്ജ് നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ (ബന്ധപ്പെട്ട വിഷയത്തിലെ 2013-17 ലെ ഹജ്ജ് നയത്തിലെ നിർദ്ദേശം സഹിതം) അനുബന്ധമായി ചേർക്കുന്നു.<br><br>2022 ൽ ഹജ്ജ് സബ്സിഡി 10 വർഷം കൊണ്ട് പൂർണ്ണമായും ഇല്ലാതാക്കണമെന്നും, അതിലേക്ക് 2013 മുതൽ ക്രമാനുഗതമായി സബ്സിഡി കുറച്ചു കൊണ്ടുവരണമെന്നും നിർദ്ദേശിക്കുകയുണ്ടായി. അതോടൊപ്പം തന്നെ ബഹു.കോടതി ഹജ്ജ് സീസണിൽ ഉയർന്ന വിമാന ചാർജ് ഈടാക്കുന്നത് പുനഃപരിശോധിക്കണമെന്നും നിർദ്ദേശി |

| | | | |
|---|---|---|---|
| | | | ച്ചിരുന്നു. സബ്സിഡി ക്രമാനുഗതമായി നിർത്തലാക്കുന്നതിന് ഹജ്ജ് നയരൂപീകരണ കമ്മിറ്റിയുടെ ശുപാർശയുണ്ടായിരുന്നുവെങ്കിലും പ്രസിദ്ധപ്പെടുത്തിയ പുതിയ ഹജ്ജ് നയത്തിൽ ഇത് സംബന്ധിച്ച് പരാമർശം ഉള്ളതായി കാണുന്നില്ല. എന്നാൽ ഹജ്ജ് സബ്സിഡി 2018 മുതൽ ലഭ്യമാക്കില്ല എന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതായി പത്രമാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | സ്വകാര്യ ഹജ്ജ് ഓപ്പറേറ്റർമാർക്കുള്ള ക്വാട്ട വർദ്ധിപ്പിക്കുകയും സർക്കാർ ഹജ്ജ് കമ്മിറ്റികളുടെ ക്വാട്ട കുറയ്ക്കുകയും ചെയ്തത് പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | ബി) | പുതിയ ഹജ്ജ് നയത്തിൽ സ്വകാര്യ ഹജ്ജ് ഓപ്പറേറ്റർമാർക്കുള്ള ക്വാട്ട നിലവിലെ 25% ൽ നിന്ന് 30%ലേക്ക് വർദ്ധിപ്പിക്കുകയും സർക്കാർ ഹജ്ജ് കമ്മിറ്റികളുടെ ക്വാട്ട നിലവിലെ 75% ൽ നിന്ന് 70%മായി കുറയ്ക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാരും സംസ്ഥാന ഹജ്ജ് കമ്മിറ്റിയും നിരന്തരമായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തി സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹജ്ജ് കമ്മിറ്റികൾക്കുള്ള ക്വാട്ട മുൻ വർഷങ്ങളിലേതു പോലെ പുതിയ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പുന:സ്ഥാപിച്ചു കിട്ടുകയുണ്ടായി. |
| സി) | ഓരോ സംസ്ഥാനത്തിൽ നിന്നുമുള്ള അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ക്വാട്ട നിശ്ചയിക്കണമെന്നും വിമാന യാത്രയ്ക്ക് വർദ്ധിച്ച തോതിലുള്ള നിരക്ക് ഈടാക്കുന്നത് അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുമോ? | സി) | സംസ്ഥാനങ്ങൾക്കുള്ള ഹജ്ജ് ക്വാട്ട നിശ്ചയിക്കുമ്പോൾ ആകെ അപേക്ഷ കരുടെ എണ്ണത്തിനനുസരിച്ചാവണ മെന്നുള്ളത് കേരള ഹജ്ജ് കമ്മിറ്റിയുടെ ഏറെക്കാലമായുള്ള ആവശ്യമാണ്. ഇക്കാര്യം കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും മുമ്പാകെ സംസ്ഥാന ഹജ്ജ് കമ്മിറ്റി നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിമാന യാത്രയുടെ പേരിൽ വർധിച്ച തോതിലുള്ള നിരക്ക് ഈടാക്കുന്നത് തടയുന്നതിനു ആഗോള ടെൻഡർ ഉൾപ്പടെയുള്ള നടപടികൾ കൈക്കൊള്ളണമെന്നും നിരന്തരമായി ആവശ്യപ്പെട്ടു വരുന്നുണ്ട്. ഹജ്ജ് സബ്സിഡി എടുത്തു കളഞ്ഞ സാഹചര്യത്തിൽ വിമാന കമ്പനികളുടെ ചൂഷണം ഒഴിവാക്കുന്നതിനു സാധ്യമായതെല്ലാം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ഹജ്ജ് പോളിസി (2013-17) | ഹജ്ജ് പോളിസി (2018-22) |
| --- | --- |
| ഹജ്ജ് ക്വാട്ട<br>കേന്ദ്ര ഹജ്ജ് കമ്മിറ്റി വിഹിതം 75%<br>സ്വകാര്യ ഗ്രൂപ്പുകൾ 25% | ഹജ്ജ് ക്വാട്ട<br>കേന്ദ്ര ഹജ്ജ് കമ്മിറ്റി വിഹിതം 70%<br>സ്വകാര്യ ഗ്രൂപ്പുകൾ 30% (കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ കുറച്ച ഹജ്ജ് ക്വാട്ട പുതിയ ഹജ്ജ് നയത്തിൽ മാറ്റം വരുത്തി ഉത്തരവിലൂടെ പുന:സ്ഥാപിച്ചിട്ടുണ്ട്.) |
| ഹജ്ജ് ചെയ്യാൻ അനുവദിക്കപ്പെട്ടവർ<br>ജീവിതത്തിൽ ഒരിക്കൽ പോലും ഹജ്ജ് ചെയ്യാത്തവർക്കായി കേന്ദ്ര ഹജ്ജ് കമ്മിറ്റി ക്വാട്ട പരിമിതപ്പെടുത്തിയിരിക്കുന്നു | മാറ്റമില്ല |
| ഒരു കവറിൽ പരമാവധി 5 പേർക്ക് അപേക്ഷിക്കാം | ഒരു കവറിൽ പരമാവധി 4 പേരിൽ പരിമിതപ്പെടുത്തി |
| സ്ത്രീകൾക്ക് രക്തബന്ധമുള്ള പുരുഷന്റെ കൂടെ മാത്രമേ ഹജ്ജിന് പോകാൻ പാടുള്ളൂ | 45 വയസിന് മുകളിലുള്ള 4 പേരടങ്ങിയ മുസ്ലിം സ്ത്രീകൾക്ക് രക്തബന്ധത്തിൽപ്പെട്ട പുരുഷ സഹായി ഇല്ലാതെ ഹജ്ജിന് പോകാം |
| സെലക്ഷനുള്ള മുൻഗണനാക്രമം<br>1) 70 വയസിന് മുകളിലുള്ളവർക്ക്<br>2) 4, 5 വർഷക്കാർക്ക്<br>3) ജനറൽ കാറ്റഗറി | സെലക്ഷനുള്ള മുൻഗണനാക്രമം<br>1) 70 വയസിന് മുകളിലുള്ളവർക്ക്<br>2) ജനറൽ കാറ്റഗറി<br>പഴയ പോളിസിയിൽ (2013 17) നാല്, അഞ്ച് വർഷക്കാർക്കുണ്ടായിരുന്ന റിസർവേഷൻ എടുത്തു കളഞ്ഞു. പോളിസിയിൽ സൂചിപ്പിക്കുന്ന 45 വയസിന് മുകളിലുള്ള 4 പേരടങ്ങിയ വനിതാ ഹജ്ജ് തീർത്ഥാടകരെ നറുക്കെടുപ്പില്ലാതെ തെരഞ്ഞെടുത്ത് കൊണ്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റി ഉത്തരവിറക്കി |
| ഹജ്ജ് ക്വാട്ടയുടെ വിതരണം<br>1) ആകെയുള്ള കേന്ദ്ര ഹജ്ജ് കമ്മിറ്റി ക്വാട്ട 35 കേന്ദ്ര ഭരണ/സംസ്ഥാനങ്ങൾക്കിടയിൽ മുസ്ലിം ജനസംഖ്യാ അടിസ്ഥാനത്തിൽ മുൻകൂട്ടി വിഭജിക്കുന്നു.<br>2) സർക്കാറിന് പ്രത്യേകമുള്ള ക്വാട്ടയിലേക്ക് (ഗവ ക്വാട്ട) നറുക്കെടുപ്പിൽ ലഭിക്കാത്ത അപേക്ഷകരെ പരിഗണിക്കുന്നു.<br>3) ബാക്കി വരുന്ന സീറ്റുകൾ കൂടുതൽ അപേക്ഷകരുള്ള സംസ്ഥാനങ്ങൾക്ക് മുസ്ലിം ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കുന്നു. | ഹജ്ജ് ക്വാട്ടയുടെ വിതരണം<br>പുതിയ ഹജ്ജ് നയത്തിൽ 5 ഘട്ടങ്ങളിലായിട്ടാണ് സീറ്റുകൾ വിഭജിക്കുന്നത്.<br>1) പുതിയ ഹജ്ജ് നയപ്രകാരം 70% കേന്ദ്ര ഹജ്ജ് കമ്മിറ്റി വഴിയുള്ള ക്വാട്ടയും 30% പ്രൈവറ്റ് ടൂർ ഓപറേറ്റർമാർക്കുമുള്ളതാണ്. (എന്നാൽ പ്രത്യേക ഉത്തരവിലൂടെ കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് 75%ഉം പ്രൈവറ്റ് ടൂർ ഓപ്പറേറ്റർമാർക്ക് 25% ഉം ആക്കി പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br>2) അനുവദിച്ച കേന്ദ്ര ഹജ്ജ് കമ്മിറ്റിക്കുള്ള |

| | |
|---|---|
| | സീറ്റുകളിൽ നിന്ന് ഖാദിമുൽ ഹുജ്ജാജ് (625 എണ്ണം), ഗവ ക്വാട്ട (500 എണ്ണം) എന്നിവ കുറച്ചതിന് ശേഷം ബാക്കി സീറ്റുകൾ മുസ്ലിം ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കുന്നു.<br>3) നറുക്കെടുപ്പില്ലാതെ തിരഞ്ഞെടുക്കുന്ന ഹാജിമാരുടെ സീറ്റുകൾ<br>4) ബാക്കി വരുന്ന സീറ്റുകളിൽ 500 സീറ്റുകൾ മെഹ്റം ഇല്ലാത്ത സ്ത്രീകൾക്കായി മാറ്റി വെയ്ക്കുന്നു. പിന്നീടും സീറ്റ് ബാക്കിവരുകയാണെങ്കിൽ 2000 സീറ്റുകൾ പ്രത്യേക പരിഗണന നൽകി ജമ്മു കശ്മീരിന് അധികം നൽകുന്നു. വീണ്ടും ബാക്കി വരുന്ന സീറ്റുകൾ ആകെ ലഭിച്ച 500 അപേക്ഷകളിൽ കുറവുള്ള സംസ്ഥാനങ്ങൾക്കോ കേന്ദ്ര ഭരണ പ്രദേശങ്ങൾക്കോ നൽകുന്നു.<br>5) തുടർന്നു ബാക്കി വരുന്ന സീറ്റുകൾ കൂടുതൽ അപേക്ഷകരുള്ള സംസ്ഥാനങ്ങൾക്ക് ആകെ ലഭിച്ച അപേക്ഷയുടെ എണ്ണത്തിന് അനുസരിച്ച് വിഭജിക്കുന്നു. |
| <u>നറുക്കെടുപ്പ്</u><br>സംസ്ഥാന ഹജ്ജ് കമ്മിറ്റി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം കംപ്യൂട്ടറൈസ്ഡ് നറുക്കെടുപ്പ് നടത്തുന്നു | <u>നറുക്കെടുപ്പ്</u><br>മാറ്റമില്ല |
| <u>സെലക്ഷനുള്ള മുൻഗണനാക്രമം</u><br>1) 70 വയസിന് മുകളിലുള്ളവർക്ക്<br>2) 4, 5 വർഷക്കാർക്ക്<br>3) ജനറൽ കാറ്റഗറി | <u>സെലക്ഷനുള്ള മുൻഗണനാക്രമം</u><br>1) 70 വയസിന് മുകളിലുള്ളവർക്ക്<br>2) ജനറൽ കാറ്റഗറി<br>പഴയ പോളിസിയിൽ (2013 17) നാല്, അഞ്ച് വർഷക്കാർക്കുണ്ടായിരുന്ന റിസർവേഷൻ എടുത്തു കളഞ്ഞു. പോളിസിയിൽ സൂചിപ്പിക്കുന്ന 45 വയസിന് മുകളിലുള്ള 4 പേരടങ്ങിയ വനിതാ ഹജ്ജ് തീർത്ഥാടകരെ നറുക്കെടുപ്പില്ലാതെ തെരഞ്ഞെടുത്ത് കൊണ്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റി ഉത്തരവിറക്കി |
| <u>ഗവ സീറ്റ് വിഭജനം (500 എണ്ണം)</u><br>1) കേന്ദ്ര ഹജ്ജ് കമ്മിറ്റി 200<br>2) ഇന്ത്യാ ഗവ 300<br>  1) രാഷ്ട്രപതി 100<br>  2) പ്രധാനമന്ത്രി 75<br>  3) ഉപരാഷ്ട്രപതി 75<br>  4) വിദേശകാര്യ മന്ത്രി 50 | <u>ഗവ സീറ്റ് വിഭജനം (500 എണ്ണം)</u><br>1) കേന്ദ്ര ഹജ്ജ് കമ്മിറ്റി 200<br>2) ഇന്ത്യാ ഗവ 300<br>  1) രാഷ്ട്രപതി 100<br>  2) പ്രധാനമന്ത്രി 75<br>  3) ഉപരാഷ്ട്രപതി 75<br>  4) ന്യൂനപക്ഷകാര്യ മന്ത്രി 50 |
| <u>എംബാർക്കേഷൻ പോയിന്റ്</u><br>ഇന്ത്യയിൽ ആകെ 21 ഹജ്ജ് | <u>എംബാർക്കേഷൻ പോയിന്റ്</u><br>എംബാർക്കേഷൻ പോയിന്റിന്റെ എണ്ണത്തിൽ |

| | |
|---|---|
| എംബാർക്കേഷൻ പോയിന്റുകൾ നിലവിലുണ്ടായിരുന്നു (2015 മുതൽ റൺവെ അറ്റകുറ്റപ്പണിയുടെ പേരിൽ കരിപ്പൂരിൽ നിന്ന് കൊച്ചിയിലേക്ക് മാറ്റിയിട്ടുണ്ട്) | മാറ്റമില്ല കേരളത്തിലെ എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിൽ നിന്ന് കൊച്ചിയിലേക്ക് മാറ്റി |

സെക്ഷൻ ഓഫീസർ